## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 365** **28.10.2019 - ൽ മറുപടിക്ക്.**

## റേഷൻ വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻകാർഡ് ആധാറുമായി ബന്ധപ്പെടുത്താത്തവർക്ക് റേഷൻ അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | **(എ) യും (ബി) യും (സി)** ഇല്ല. എന്നാൽ എല്ലാ റേഷൻ കാർഡംഗങ്ങളുടെയും ആധാർ സീഡ് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും സബ്സിഡി ലഭ്യമാകുന്ന എല്ലാ പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിക്കൊണ്ട് ബഹു.സുപ്രീം കോടതി ഉത്തരവായിട്ടുള്ളതിനാൽ ആധാർ സീഡിംഗ് പൂർത്തിയാക്കുന്നതിന് 2019 ഡിസംബർ 31 വരെ കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. ആധാർ ആതന്റിക്കേഷൻ പരാജയപ്പെട്ടാലും റേഷൻ നിഷേധിക്കരുത് എന്ന അറിയിപ്പ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| **(ബി)** ആധാർ കാർഡ് ഇല്ലാത്തവർക്കും കാർഡ് എടുക്കാൻ താൽപര്യമില്ലാത്തവർക്കും റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ; | |
| **(സി)** ആധാർ കാർഡ് ഇല്ലാത്ത കാരണത്താൽ പൊതുജനങ്ങൾക്ക് റേഷൻ നിഷേധിക്കാനാവില്ലെന്ന അറിയിപ്പ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ? | |

*സെക്ഷൻ ഓഫീസർ*